**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3122 3/4/2013 - ൽ മറുപടിയ്ക്ക്

## കൃഷി ഭവനുകൾ വഴിയുള്ള നാളികേര സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>,, മാത്യൂ റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കൃഷിഭവനുകൾ വഴി നാളികേരം സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) എങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) | കൃഷി ഭവനുകൾ വഴി നാളീകേരം സംഭരിക്കുന്ന പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും നേരിട്ട് പച്ചനാളീകേരം സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്നു. ഈ പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് (എം.എസ്) നം. 279/2012/കൃഷി തീയതി 10/12/2012 പ്രകാരം അനുമതി നൽകുകയും 2013 ജനുവരി മാസം ഒന്നാം തീയതി പദ്ധതിയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. 21 കോടി രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിയിൽ 9.8 കോടി രൂപ ഇതിനകം ലഭ്യമാക്കുകയും പദ്ധതി നടത്തിപ്പിനായി കേരഫെഡിനു നൽകി വിനിയോഗിക്കുകയും ചെയ്തു വരുന്നു. പദ്ധതിയുടെ പ്രാരംഭപ്രവർത്തനമെന്ന നിലയിൽ കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ എട്ടു ജില്ലകളിലാണ് |

സംഭരണ നടപടികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. തെരഞ്ഞെടുത്ത ജില്ലകളിൽ ഓരോ ബ്ലോക്കിൽ നിന്നും രണ്ടു മുതൽ മൂന്നു വരെ കൃഷിഭവൻ ആദ്യഘട്ട സംഭരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്നതിനും മറ്റ് ഉപോല്പ്പന്നങ്ങൾ സംഭരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത കൃഷിഭവന് 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിക്കുകയും ആയത് കേരഫെഡ് കൃഷി ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. കിലോയ്ക്ക് 16 രൂപ നിരക്കിലാണ് സംഭരണം നടത്തുന്നത്. സംഭരിക്കുന്ന നാളീകേരത്തിന്റെ വില അന്നു തന്നെ അക്കൗണ്ട് പേയി ചെക്കായി കർഷകന് നൽകുന്നു. ഇതിനകം 235 കൃഷി ഭവനുകളിലൂടെ 10386 കർഷകരിൽ നിന്നും 5666.57 ടൺ പച്ചനാളീകേരം സംഭരണം നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ